Malavala Manorama 24.10.17

# സസ്യസത്ത്: നിർമാണവും പ്രയോഗവും

## ട്രാപ്പ് ക്രോപ്പിങ്

പ്രധാനവിളയ്ക്കു ചുറ്റും കീടങ്ങളെ ആകർഷിക്കുന്ന മറ്റുവിളകൾ നട്ട്, വിളകളെ കീടങ്ങളിൽനിന്നും സംരക്ഷിക്കുന്ന രീതിയാണിത്. ഉദാ. തക്കാളിക്കു ചുറ്റും ചോളം നടുന്നതു തക്കാളിയെ വെള്ളീച്ചയിൽനിന്നു സംരക്ഷിക്കുന്നു.

**വേരുതീനിപ്പുഴുക്കൾ**

ആത്തക്കുരു/ഉങ്ങിൻ കുരു 500 ഗ്രാം അരച്ച് പോസ്റ്റാക്കി 10 ലീറ്റർ ഗോമൂത്രത്തിൽ കലക്കി 12 മണിക്കൂർ വയ്ക്കുക. ഇത് 10 ഇരട്ടി നേർപ്പിച്ച് ചെടികൾക്കു ചുറ്റും ഒഴിച്ചുകൊടുക്കുക.

**മീലിമുട്ടകൾ**

വേപ്പിൻ പിണ്ണാക്ക് അഞ്ച് കിലോ, കരിനൊച്ചിയില അഞ്ച്കിലോ, പാർത്തിനീയം/ കർപ്പൂര തുളസി ഇല 5 കിലോ വീതം എടുത്ത് ചതച്ച് 50 ലീറ്റർ വെള്ളത്തിൽ 8-10 ദിവസം വച്ചതിനു ശേഷം 10 ഇരട്ടിവെള്ളത്തിൽ നേർപ്പിച്ച് ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

**തണ്ടുതുരപ്പൻ പുഴു**

വേപ്പിൻ കുരു സത്ത് തളിക്കുക.

**ഇലപ്പേനുകൾ**

പുകയിലക്കഷായം, നാറ്റപ്പൂച്ചെടിമിശ്രിതം, വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇവ വളരെ ഫലപ്രദമാണ്.

**ചിത്രകീടം**

വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം തളിയ്ക്കുക. മണ്ണിൽ വേപ്പിൻപിണ്ണാക്ക് ചേർക്കുക.

**നിമവിരകൾ**

കമ്യൂണിസ്റ്റ് പച്ച/ ആര്യവേപ്പിന്റെ ഇല എന്നിവ കൊണ്ട് പുതയിടുക. വേപ്പിൻ പിണ്ണാക്ക്, ആവണക്കിൻ പിണ്ണാക്ക് എന്നിവ മണ്ണിൽ ചേർത്തു കൊടുക്കുക.

**വാഴയുടെ തടപ്പുഴു**

വേപ്പിൻ പിണ്ണാക്ക് തടത്തിൽ ഇട്ടു കൊടുക്കുക. വാഴത്തോട്ടം വൃത്തിയായി സൂക്ഷിക്കുക. തടയിൽ കളിമണ്ണ് കുഴച്ചത് തേച്ചു കൊടുക്കുക. വാഴയുടെ കവിളിൽ അഞ്ച് ഗ്രാം ബാർസോപ്പ് വച്ചുകൊടുക്കുക.

**ഇലതീനിപ്പുഴുക്കൾ**

വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം എടുത്ത് 10 ലീറ്റർ വെള്ളത്തിൽ കുതിർത്ത് 12 മണിക്കൂർ വച്ചശേഷം ഇലകളിൽ തളിക്കുക.

അവലംബം:
വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പ്രസിദ്ധീകരണങ്ങൾ.